Draft #2 of File 49317/CBCSS 16-2/2026/CBCSS 16 Approved by CONTROLLER OF EXAMINATIONS on 11-Sep-2026 04:06 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നം.49317/CBCSS 16-2/2026/CBCSS 16 തീയതി: 11.09.2026

<u>വിജ്ഞാപനം</u>

നം.49317/CBCSS 16-2/2026/CBCSS 16 തീയതി: 17.06.2026

നാലാം സെമസ്റ്റർ **MGU - UGP (Honours)/ MGU- BBA(Honours)/ MGU-BCA(Honours) 2024 Admission March 2026 റെഗുലർ പരീക്ഷയുടെ** ഫലം പരാമർശിത വിജ്ഞാപനപ്രകാരം 17.06.2026 തീയതിയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് (E-Copy) ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് തങ്ങളുടെ സ്റ്റുഡൻറ് പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങളും പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സ്ക്രൂട്ടിനി, പുനർമൂല്യനിർണ്ണയം എന്നിവയ്ക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്നും പരാമർശിത വിജ്ഞാപനപ്രകാരം അറിയിച്ചിരുന്നു. **ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി (E-Copy) അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ആയത് തങ്ങളുടെ സ്റ്റുഡൻറ് പ്രൊഫൈലിൽ (edp.mgu.ac.in) ലഭ്യമാക്കിയിട്ടുണ്ട്.**

പ്രസ്തുത പരീക്ഷയുടെ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം (Revaluation) നടത്തുവാൻ താല്പര്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു പേപ്പറിന് Revaluation fee Rs.485/-(രൂപ നാനൂറ്റി എൺപത്തി അഞ്ച് മാത്രം) നിരക്കിൽ ഫീസൊടുക്കി **26.09.2026** തീയതിയിലോ അതിന് മുൻപായോ ഹോണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള സ്റ്റുഡൻറ് പ്രൊഫൈൽ (edp.mgu.ac.in) മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് (E-Copy) പരിശോധിച്ച വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പരാതികൾ ഉള്ളപക്ഷം സൂക്ഷമ പരിശോധന (Scrutiny) നടത്തുന്നതിന് ഒരു പേപ്പറിന് Scrutiny fee Rs.170/-(രൂപ നൂറ്റി എഴുപത് മാത്രം) നിരക്കിൽ ഫീസൊടുക്കി **26.09.2026** തീയതിയിലോ അതിന് മുൻപായോ ഹോണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള സ്റ്റുഡൻറ് പ്രൊഫൈൽ (edp.mgu.ac.in) മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരാതി സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷ പരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

**വിവിധ വിഷയങ്ങളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷമ പരിശോധന എന്നിവ ആവശ്യമുള്ള വിദ്യാർത്ഥികൾ എല്ലാ സേവനങ്ങളും ഒരുമിച്ച് സെലക്ട് ചെയ്ത് അപേക്ഷിക്കേണ്ടതാണ്. ഒരിക്കൽ പുനർമൂല്യനിർണ്ണയം/സൂക്ഷമ പരിശോധനയ്ക്ക് അപേക്ഷ ഓൺലൈനായി സമർപ്പിച്ച് കഴിഞ്ഞാൽ പിന്നീട് പ്രസ്തുത വിഷയത്തിന്റെയോ മറ്റ് വിഷയങ്ങളുടെയോ പുനർമൂല്യനിർണ്ണയം/സൂക്ഷമ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയില്ല.** ഒരിക്കൽ സമർപ്പിച്ച അപേക്ഷ എഡിറ്റ് ചെയ്യാനോ വീണ്ടും സമർപ്പിക്കാനോ സാധിക്കില്ല.

MAHATMA GANDHI UNIVERSITY KOTTAYAM

ഡോ. ശ്രീജിത്ത് സി എം
പരീക്ഷാ കൺട്രോളർ

പകർപ്പ്:

1. വൈസ് ചാൻസലറുടെ പി.എസ്.
2. പരീക്ഷ കൺട്രോളറുടെ/രജിസ്ട്രാറുടെ പി എ മാർ
3. ജോയിന്റ് രജിസ്ട്രാർ I/IV (പരീക്ഷ)
4. ഡെപ്യൂട്ടി രജിസ്ട്രാർ IV/VII/VIII/IX (പരീക്ഷ)
5. അസിസ്റ്റന്റ് രജിസ്ട്രാർ I/ II/ XVIII/ XIX/ XX/ XXI/ XXIII (പരീക്ഷ)/ AR VII (ഭരണം)
6. ഇ.ജെ 2
7. പി.ആർ.ഒ / സി ഇ സെക്ഷൻ 2 എക്സാം മോണിറ്ററിംഗ്
8. UNIVERSITY WEBSITE /Web Upload/IT Cell 3
9. SSD/ Call Centre 1/2.
10. ഇ.എ 1/ ഇ.എ 2/ പി ഡി 6
11. ഫയൽ കോപ്പി
12. അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ.

Draft #2 of File 49317/CBCSS 16-2/2026/CBCSS 16 Approved by CONTROLLER OF EXAMINATIONS on 11-Sep-2026 04:06 PM - Page 2